**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 306 — 02.03.2020 ൽ മറുപടിയ്ക്ക്

**സപ്ലൈകോയിലെ സാധനങ്ങളുടെ ഗുണനിലവാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. അനിൽ അക്കര | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സപ്ലൈകോ നടത്തുന്ന വിപണി ഇടപെടലുകൾ ഫലപ്രദമാകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സപ്ലൈകോ മുഖേന നടത്തുന്ന വിപണി ഇടപെടൽ പ്രവർത്തനങ്ങൾ ഫലപ്രദമായിത്തന്നെയാണ് നടന്നു വരുന്നത്. വിളനാശവും ഇന്ധന വിലക്കയറ്റവും മൂലം രാജ്യത്തെമ്പാടും അവശ്യ വസ്തുക്കളുടെ വില കുത്തനെ ഉയരുമ്പോഴും സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുവാൻ സാധിച്ചത് ഇതിന്റെ തെളിവാണ്. |
| (ബി) | പതിനാലിനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വഴി വിതരണം ചെയ്യുന്നുണ്ടെന്ന് പ്രഖ്യാപിക്കുമ്പോഴും പൊതുകമ്പോളത്തിൽ അവശ്യസാധനങ്ങളുടെ വില കുതിച്ചുയർന്ന് സാധാരണ ജനങ്ങളുടെ ജീവിതം ദുരിതത്തിലാകുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (ബി) | പതിനാലിന അവശ്യ സാധനങ്ങളുടെ വില ഈ സർക്കാരിന്റെ അധികാര കാലയളവിൽ വർദ്ധിപ്പിക്കാത്തത്, സാധാരണ ഉപഭോക്താക്കൾക്കെല്ലാം വലിയ ആശ്വാസമാണ് നൽകുന്നത്. രാജ്യത്തെമ്പാടും വിലക്കയറ്റം ജനങ്ങളെ ദുരിതത്തിലാഴ്ത്തുമ്പോഴും സംസ്ഥാനത്ത് സ്ഥിതി നിയന്ത്രണ വിധേയമായിട്ടുള്ളത് ഈ നയം മൂലമാണ്. അവശ്യസാധനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളിലുണ്ടാകുന്ന ദൗർലഭ്യം, വിളനാശം, ഇന്ധന വിലക്കയറ്റം എന്നിവയാണ് വിലവർദ്ധനവിന് കാരണമാകുന്നത്. |
| (സി) | സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഇതിനാവശ്യമായ പരിശോധന സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD (Council for Food Research and Development), RAL (Regional Analytical Lab), മറ്റ് NABL (National Accreditation Board for Testing and Calibration Laboratories) Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്.<br>കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/ AGMARK/ FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം 20-ഓളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD–ൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ വിലക്ക്, പിഴ എന്നിവ ചുമത്തുന്നത് അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | സപ്ലൈകോ വഴി വിതരണം ചെയ്ത വെളിച്ചെണ്ണയിൽ പാരഫിൻ വാക്സ് ചേർത്തതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം മായം ചേർക്കലുകൾ കണ്ടുപിടിക്കുന്നതിനും വിതരണക്കാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും അവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനും നടപടി | (ഡി) | വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെളിച്ചെണ്ണ Production Unit-ൽ ക്വാളിറ്റി അഷ്വറൻസ് ഓഫീസർ, ജൂനിയർ മാനേജർ (M&I), CFRD ലാബിന്റെ പ്രതിനിധികൾ എന്നിവരടങ്ങുന്ന ടീം പരിശോധന നടത്തി തൃപ്തികരമെന്ന് കണ്ടതിന് ശേഷമാണ് വിതരണക്കാരന് ഓർഡർ നല്കുന്നത്. വിതരണത്തിനെത്തിക്കുന്ന വെളിച്ചെണ്ണ റാൻഡം അടിസ്ഥാനത്തിൽ ഓരോ ജില്ലയിലെയും അസിസ്റ്റന്റ് / ജൂനിയർ മാനേജർ (ക്യൂഎ)-മാർ പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. പരാതികൾ ഉണ്ടാകുമ്പോഴും ഇപ്രകാരം |

| | | | |
|---|---|---|---|
| | കൈക്കൊള്ളുമോ? | | പരിശോധന നടത്താറുണ്ട്. മായം ചേർക്കൽ കണ്ടെത്തിയാൽ, പിഴ ഈടാക്കൽ, കരിമ്പട്ടികയിൽപ്പെടുത്തൽ എന്നിങ്ങനെയുള്ള ശിക്ഷാനടപടികൾക്കുള്ള സംവിധാനമുണ്ട്. വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയെങ്കിലും പാരഫിൻ വാക്സ് ചേർത്തതായി തെളിയിക്കുന്ന പരിശോധനഫലങ്ങളൊന്നും തന്നെ ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ